പ്രകാശവചനം ● സി.എം റഫീഖ് കോക്കൂർ

# പരലോകത്ത് അല്ലാഹു സംസാരിക്കാൻ ഇഷ്ടപ്പെടാത്ത മൂന്ന് കൂട്ടർ

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنهُ قَالَ: قَال رَسُولُ الله ﷺ ثَلاَثَةٌ لاَيُكَلِّمُهُمُ اللَّهُ يَوْمَ الْقِيامَة وَلَا يَنْظُرُ إِلَيْهِمْ: رَجُلٌ حَلَفَ عَلَى سِلْعَة لَقَدْ أَعطَى بِهَا أَكْثَر مِمَّا أَعْطَى وَهُوَ كَاذِبٌ، وَرَجُلٌ عَلَى يَمِين كَاذِبَة بَعْدَ الْعَصْرِ لِيَقْتَطِعَ بِهَا مَالَ رَجُلٍ مُسْلِمٍ، وَرَجُلٌ مَنَعَ فَضْلَ مَائِه، فَيَقُولُ اللَّهُ: الْيَوْمَ أَمْنَعُكَ فَضْلِي كَمَا مَنَعْتَ فَضْلَ مَالَمْ تَعْمَلْ يَدَاكَ

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: അന്ത്യനാളിൽ മൂന്നു വിഭാഗമാളുകളോട് അല്ലാഹു സംസാരിക്കുകയോ അവരിലേക്ക് നോക്കുകയോ ഇല്ല - തന്റെ ചരക്കിന് താൻ നൽകിയ വിലയേക്കാൾ അധികം നൽകിയെന്ന് കള്ള സത്യം ചെയ്യുന്നവൻ, ഒരു മുസ്ലിമിന്റെ ധനം തട്ടിയെടുക്കുന്നതിനുവേണ്ടി അസ്റിന് ശേഷം കള്ള ശപഥം ചെയ്യുന്നവൻ, മിച്ചമുള്ള വെള്ളം തടഞ്ഞുവെക്കുന്നവൻ. അല്ലാഹു അവനോട് (അന്ത്യനാളിൽ) പറയും: 'നിന്റെ അധ്വാനമില്ലാതെ നിനക്ക് മിച്ചം വന്നത് നീ തടഞ്ഞതുപോലെ എന്റെ ഔദാര്യം നിനക്കും ഞാനിന്ന് തടയും' (ബുഖാരി).

മനുഷ്യരുടെ വിജയ പരാജയങ്ങളുടെ സാക്ഷാൽ മാനദണ്ഡം പരലോക വിജയവുമായാണ് ബന്ധപ്പെട്ടു നിൽക്കുന്നത്. പാരത്രിക ലോകത്ത് അല്ലാഹുവിന്റെ തൃപ്തിയും പൊരുത്തവും നേടിയെടുക്കാൻ മനുഷ്യന് സാധ്യമാകണം. സാമൂഹിക ജീവിതത്തിലെ പല തെറ്റായ നടപടികളും വഴിയാണ് പലരും അല്ലാഹുവിന്റെ കോപം ക്ഷണിച്ചുവരുത്തുന്നത്. അങ്ങനെയുള്ളവരുടെ നേരെ പരലോകത്ത്വെച്ച് അല്ലാഹു നോക്കുകയോ അവരോട് സംസാരിക്കുകയോ ഇല്ല. സ്രഷ്ടാവിന് അവരോടുള്ള വെറുപ്പിന്റെ കാഠിന്യത്തെയാണ് അത് കാണിക്കുന്നത്.

ഹദീസിൽ ഒന്നാമതായി പരാമർശിക്കുന്നത് കള്ള സത്യം ചെയ്യുന്ന കച്ചവടക്കാരനെയാണ്. തൊഴിലുകളുടെ കൂട്ടത്തിൽ ഏറെ മഹത്വം കൽപിക്കപ്പെട്ട ഒന്നാണ് കച്ചവടം. കച്ചവടത്തെ ഇസ്ലാം ഏറെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. വിശ്വസ്തതയും സത്യസന്ധതയുമായിരിക്കണം കച്ചവടത്തിന്റെ അടിസ്ഥാനം. 'വിശ്വസ്തനും സത്യസന്ധനുമായ കച്ചവടക്കാരൻ ദൈവദൂതന്മാരുടെയും സച്ചരിതരുടെയും രക്തസാക്ഷികളുടെയും കൂടെയാണ്' എന്നാണ് നബി(സ) പറഞ്ഞിട്ടുള്ളത്. എന്നാൽ, അതേ കച്ചവടം തന്നെ കള്ള സത്യം ചെയ്തുകൊണ്ടാകുമ്പോൾ ഗുരുതരമായ തെറ്റും പരലോക വിജയത്തിന് പ്രതിബന്ധവുമായിത്തീരുന്നു. 'ആർ വഞ്ചന കാണിച്ചുവോ അവൻ നമ്മിൽ പെട്ടവനല്ല' എന്ന് നബി(സ) ഉണർത്തിയത് കച്ചവട രംഗത്തുള്ള വഞ്ചനയെ കുറിച്ചാണ്.

ഒരു മുസ്ലിമിന്റെ ധനം അന്യായമായി തട്ടിയെടുക്കാനായി കള്ളസത്യം ചെയ്യുന്നവനാണ് ദൈവകോപത്തിന്നിരയാകുന്ന രണ്ടാമൻ. രക്തം, ധനം, അഭിമാനം എന്നിവ പവിത്രവും പരസ്പരം സംരക്ഷിക്കപ്പെടേണ്ടതുമാണ്. അതിന് പോറലേൽപിക്കുന്ന വിധമുള്ള വാക്കും പ്രവൃത്തിയും ഗുരുതരമായ തെറ്റാണ്. തന്റെ മുസ്ലിം സഹോദരനർഹതപ്പെട്ട ഭൂമി, മറ്റു വിഭവങ്ങൾ, തൊഴിൽ തുടങ്ങിയവ അന്യായമായി കൈവശപ്പെടുത്താൻ വേണ്ടി കള്ളസത്യം ചെയ്യുന്നത് പരലോകത്ത് അല്ലാഹുവിന്റെ കഠിന ശിക്ഷക്ക് കാരണമായിത്തീരുന്നു. മുസ്ലിമിന്റെ സവിശേഷതകൾ വ്യക്തമാക്കിക്കൊണ്ട് നബി(സ) പറഞ്ഞത്, 'ഏതൊരുവന്റെ നാവിൽ നിന്നും കൈയിൽനിന്നും മറ്റു മുസ്ലിംകൾ സുരക്ഷിതരാണോ അവനാണ് യഥാർഥ മുസ്ലിം' എന്നാണ്.

തനിക്ക് അല്ലാഹു അനുഗ്രഹമായി നൽകിയ വെള്ളത്തിൽനിന്ന് മിച്ചം വന്നത് മറ്റാർക്കും നൽകാതെ തടഞ്ഞുവെക്കുന്നവനാണ് പരലോകത്ത് അല്ലാഹു അവഗണിക്കുന്ന മൂന്നാമൻ. ജലക്ഷാമം രൂക്ഷമായ സമകാലിക സാഹചര്യത്തിൽ ഏറെ പ്രസക്തിയുണ്ട് ഈ പ്രവാചക താക്കീതിന്. മനുഷ്യന്റെ യാതൊരു അധ്വാനവും കൂടാതെ അല്ലാഹു ഔദാര്യമായി നൽകിയ വെള്ളം ഒരാളുടെ ഉപയോഗം കഴിഞ്ഞ് ബാക്കിയുണ്ടെങ്കിൽ അതിൽ മറ്റുള്ളവർക്കും അവകാശമുണ്ട്. അതവർക്ക് നൽകാൻ വിമുഖത കാണിക്കുന്നത് അല്ലാഹുവിന്റെ കോപം ക്ഷണിച്ചുവരുത്തുന്ന പ്രവൃത്തിയാണ്. പരലോകത്ത് അല്ലാഹുവിന്റെ ഔദാര്യം തടയപ്പെടുകയെന്നതായിരിക്കും അതിന്റെ അനന്തരഫലം. വെള്ളം, പുല്ല്, തീ എന്നിവ എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ് എന്നതാണ് പ്രവാചകാധ്യാപനം. അത് കുത്തകയാക്കി വെക്കാനോ വിൽപനച്ചരക്കാക്കി മാറ്റാനോ ഇസ്ലാം ഒരാളെയും അനുവദിക്കുന്നില്ല. ജലം വിൽപനച്ചരക്കാക്കുന്ന മുതലാളിത്ത പ്രവണത ശക്തമായി എതിർക്കപ്പെടേണ്ടതാണ്. ■